**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തൊടുപുഴ നഗരസഭയും ഫിലിം സൊസൈറ്റിയും സംയുക്തമായി സംഘടിപ്പിച്ച ഫിലിം ഫെസ്റ്റിവലിന്റെ നടത്തിപ്പിനായി നഗരസഭാ വിഹിതമായി തുക അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 2729/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 25/10/2018

---

പരാമർശം:- 1) തൊടുപുഴ നഗരസഭാ സെക്രട്ടറിയുടെ 04/05/2018 ലെ G4-25037/15 നമ്പർ കത്ത്.
2) നഗരകാര്യ ഡയറക്ടറുടെ 27/07/2018 ലെ ഡി.സി3-16800/2018 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തൊടുപുഴ നഗരസഭയും തൊടുപുഴ ഫിലിം സൊസൈറ്റിയും സംയുക്തമായി 2018 ഫെബ്രുവരി 8 മുതൽ 11 വരെ സംഘടിപ്പിച്ച 12-ാമത് ഫിലിം ഫെസ്റ്റിവലിന്റെ നടത്തിപ്പിനായി 2,48,533/- രൂപ ചെലവ് വന്നിട്ടുള്ളതാണെന്നും ആയതിലേക്ക് 60,000/- രൂപ നഗരസഭാ വിഹിതമായി നൽകുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശം (1) പ്രകാരം തൊടുപുഴ നഗരസഭാ സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി. പരാമർശം (2) പ്രകാരം നഗരകാര്യ ഡയറക്ടർ ഇക്കാര്യം ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൊടുപുഴ നഗരസഭയും തൊടുപുഴ ഫിലിം സൊസൈറ്റിയും സംയുക്തമായി 2018 ഫെബ്രുവരി 8 മുതൽ 11 വരെ സംഘടിപ്പിച്ച 12-ാമത് ഫിലിം ഫെസ്റ്റിവലിന്റെ നടത്തിപ്പിനായി നഗരസഭാ വിഹിതമായി 60,000/- (അറുപതിനായിരം രൂപ) അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
ബീനമോൾ കെ.ജെ
**ഡെപ്യൂട്ടി സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തൊടുപുഴ നഗരസഭ, തൊടുപുഴ, ഇടുക്കി - 685584
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ